# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2976** **10.03.2017-ൽ മറുപടിക്ക്**

**ചെങ്ങന്നൂർ - ഏറ്റുമാനൂർ കെ.എസ്.ടി.പി. റോഡ്**

**ചോദ്യം**

**ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ**

(എ) ചെങ്ങന്നൂർ-ഏറ്റുമാനൂർ കെ.എസ്.ടി.പി. റോഡിൽ ഇറപ്പുഴ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന ക്നാനായ സഭയുടെ കരിശ്ശടി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) കരിശ്ശടി മാറ്റുന്നതുമായി ബന്ധപ്പെട്ട് ക്നാനായ സഭയും കഴിഞ്ഞ സർക്കാരുമായി ഉണ്ടാക്കിയ കരാർ നടപ്പാക്കി കെ.എസ്.ടി.പി റോഡ് പണി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി**

(എ) & (ബി) ഇറപ്പുഴ പാലത്തിന്റെ വടക്കുഭാഗത്ത് പുറമ്പോക്ക് ഭൂമിയിൽ കുരിശ്ശടി നിൽക്കുന്നതിനാൽ അപ്രോച്ച് റോഡിന്റെ പണികൾ നടക്കുന്നില്ല. 13.05.2014-ൽ മേൽപ്പറഞ്ഞ സ്ഥലത്ത് നിൽക്കുന്ന കുരിശുപള്ളിയും അനുബന്ധ വസ്തുവകകളും എത്രയുംപ്പെട്ടെന്ന് പൊളിച്ചു നീക്കം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ട് പള്ളി അധികാരികൾക്ക് കത്ത് നൽകി എങ്കിലും ഇതുവരെയും കുരിശുപള്ളി പൊളിച്ചു നീക്കം ചെയ്തിട്ടില്ല. ബഹു. ചെങ്ങന്നൂർ എം.എൽ.എ-യുടെ നേതൃത്വത്തിൽ 2016 ആഗസ്റ്റ് മാസം രണ്ടാം തീയതി പള്ളി അധികാരികളും കെ.എസ്സ്.ടി.പി അധികൃതരും കല്ലിശ്ശേരി റെസ്റ്റ് ഹൗസിൽ ഒരു യോഗം കൂടിയിരുന്നു. പള്ളി അധികാരികൾ സ്വയമായി കുരിശുപള്ളി പൊളിച്ചു നീക്കാത്ത സാഹചര്യത്തിൽ ജില്ലാ കളക്ടറോട്, സമവായത്തിലൂടെ ഈ കുരിശുപള്ളി നീക്കുവാൻ നിർദ്ദേശിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. കുരിശ്ശടിമാറ്റി സ്ഥാപിച്ചാലുടൻ തന്നെ തുടർ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ